ആനന്ദം ആനന്ദമേ ക്രിസ്ത്യ-
ജീവിതം ആനന്ദമേ
ആനന്ദം ആനന്ദമേ ഇതു
സൗഭാഗ്യജീവിതേമ-

1. അവനെ അമിതം സ്നേഹിപ്പാൻ
അധികം തരും ശോധനയിൽ
അനുഗ്രഹം ലഭിക്കും ആകുലമകറ്റും
അവൻ സന്നിധിമതിയെനിക്ക്-
ആനന്ദം

2. ബലഹീനതയിൽ കൃപ നൽകി
പുലർത്തും എന്നെ വഴി നടത്തും
പലതിനെ നിനച്ചു വിലപിച്ചു ഹൃദയം
കലങ്ങീടുകയില്ലിനീ ഞാൻ
ആനന്ദം

3. മരുവിൻ വെയിലിൽ തളരാതെ
മറയ്ക്കും തന്റെ ചിറകടിയിൽ
തിരുമാർവ്വിലെന്നെയണച്ചിടും സ്നേഹ-
ക്കൊടിയെൻ മീതെ വിരിച്ചിടുന്നു-
ആനന്ദം

4. ജഡികസുഖങ്ങൾ വിട്ടോടി
ജയിക്കും ശത്രു സേനകളെ
ജയവീരനേശുവെന്നധിപതിയല്ലോ
ഭയമെന്നിയെ വസിച്ചിടും ഞാൻ-
ആനന്ദം

Aanandham aanandhame kristhya-
Geevidham aanandhame
Aanandham aanandhame ithu
Subhaaggia jeevidhame

1. Avane amitham snehippan
Adhikam tharum sodhanyil
Anugraham labhikkum aakula-makattum
Avan sannidhi mathi-yenikku...
Aanandam

2. Belaheenathayil krupa nalki
Pularthum enne vazhi nadathum
Palathine ninachu vilapichu hrudhayam
Kalangeeduka yllini njaan... Aanandam

3. Maruvin veyilil thalaraathe
Marakum thante chirakadiyil
Thiru marvilenne-anachidum sneha-
Kodi yenmeethe viricheedunnu.
Aananandam

4. Jeddeeka sughangal vittodi
Jeyikkum sathru senakale
Jeya veerane-ssuven adhipathiyallo
Bhayamenniye vassicheedum njaan
Aananandam